**മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം പുറപ്പെടുവിക്കുന്ന വിജ്ഞാപനം**

2020-2021 അദ്ധ്യായന വർഷത്തെ പോസ്റ്റ് ഗ്രാജുവേറ്റ് മെഡിക്കല് കോഴ്സില് ഈകാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന **തിരുവനന്തപുരം/കോട്ടയം / തൃശ്ശൂർ / കോഴിക്കോട്** എന്നീ സർക്കാര് മെഡിക്കല്കോളേജുകളിലും, റീജിണല് ക്യാൻസര് സെന്റര്, തിരുവനന്തപുരത്തും നിലവിലുള്ള ഒഴിവുകളില് അതാത് സ്ഥാപനങ്ങളില് വച്ച് 30.07.2020 തീയതിയിൽ രാവിലെ 11.00 മണിയ്ക്ക് ഈ കാര്യാലയത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തില് തൽസമയ ഓൺലൈന് പ്രവേശനം നടത്തപ്പെടുന്നു.

**വിദ്യാർത്ഥികള് അവരുടെ ഹയര് ഓപ്ഷനു അനുസരണമായി അതാത് സർക്കാര് മെഡിക്കൽ കോളേജുകളിലും/റീജിണൽ ക്യാൻസര് സെന്റര്, തിരുവനന്തപുരത്തും 30.07.2020 തീയതിയിൽ രാവിലെ 9.30 മണിയ്ക്ക് നേരിട്ട് ഹാജരാകേണ്ടതാണ്.**

**ടി.പ്രവേശനംനേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികള് താഴെപ്പറയുന്ന നിബന്ധനകൾപാലിക്കേണ്ടതാണ്.**

1) പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം അയച്ചുതന്ന **മുൻഗണനാ ലിസ്റ്റ്/ പുതുക്കിയ റാങ്ക് ലിസ്റ്റ് /കാറ്റഗറി റാങ്ക് ലിസ്റ്റ്** അനുസരിച്ചായിരിക്കും പ്രവേശന നടപടികള് സ്വീകരിക്കുന്നത്.

2) **പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം പ്രസിദ്ധീകരിച്ച മോപ്-അപിൽ അലോട്ട്മെന്റ് ലഭിച്ചിട്ടും അതാത് കോളേജുകളിൽ പോയി റിപ്പോർട്ട് ചെയ്യാത്ത വിദ്യാർത്ഥികളെ പൂർണ്ണമായും ഈ പ്രവേശന നടപടികളില് നിന്നും ഒഴിവാക്കുന്നതാണ്.**

3) ഇ-കൌൺസിലിംങ്ങില് പങ്കെടുക്കുന്ന വിദ്യാര്ത്ഥികൾ പ്രോസ്പെക്ടസ്, ചട്ടപ്രകാരം ടി.സി.ഉൾപ്പെടെയുള്ള ഒറിജിനല് സർട്ടിഫിക്കറ്റുകള്,അഡ്മിഷൻ സമയത്ത് ഹാജരാക്കിയാല് മാത്രമേ അഡ്മിഷൻ നടപടികളില് പരിഗണിക്കുകയുള്ളൂ.തുടർന്ന് അഡ്മിഷന് എടുക്കുകയാണെങ്കിൽ മുഴുവന് ഫീസും അന്നേ ദിവസം അടയ്ക്കണം.

4) അഡ്മിഷൻ നടപടികള് പൂർത്തിയാക്കിയതിനുശേഷം, കോഴ്സ് വിട്ടുപോകുകയാണ് എങ്കില് പ്രോസ്പെക്ടസ് പ്രകാരമുള്ള നഷ്ടപരിഹാരത്തുക ഒടുക്കേണ്ടതാണ്.അല്ലാത്ത പക്ഷം സർക്കാര് ഉത്തരവിന് വിധേയമായി റവന്യൂ റിക്കവറി നടപടികള് സ്വീകരിക്കുന്നതാണ്.

5) 30.07.2020 തീയതിയിൽ നടക്കുന്ന തൽ-സമയ പ്രവേശനത്തിൽ അഡ്മിഷന് കിട്ടുന്ന വിദ്യാർത്ഥികൾക്ക് യാതൊരു കാരണവശാലും കോളേജ് മാറ്റം അനുവദിക്കുന്നതല്ല.

6) 30.07.2020 തീയതിയിൽ നടക്കുന്ന തൽ-സമയ പ്രവേശനത്തിൽ അഡ്മിഷന് സ്വീകരിക്കുന്ന വിദ്യാർത്ഥികൾകളുടെ അന്തിമ ലിസ്റ്റ് ഈ കാര്യാലയത്തില് നിന്നും പ്രസിദ്ധീകരിക്കുന്നതുമാണ്.

7) അഡ്മിഷൻ എടുക്കുവാന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികള് അഡ്മിഷന് സമയത്ത് പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം പ്രസിദ്ധീകരിച്ച ഡേറ്റാ ഷീറ്റ് ഹാജരാക്കേണ്ടാതാണ്.

8) തൽ-സമയ അഡ്മിഷൻ നടപടികളിൽ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

## ഒഴിവുകൾ സംബന്ധിച്ച വിവരങ്ങള്

| ക്രമ നം. | കോളേജിന്റെ പേര് | ഒഴിവുള്ള സീറ്റിന്റെ പേര് | ഒഴിവുള്ള സീറ്റിന്റെ എണ്ണം | |
|---|---|---|---|---|
| | | | സ്റ്റേറ്റ് മെറിറ്റ് | എസ്.സി |
| 1 | സർക്കാര് മെഡിക്കല് കോളേജ്, തിരുവനന്തപുരം | ബയോ കെമിസ്ട്രി | 0 | 1 |
| | | മൈക്രോബയോളജി | 1 | 0 |
| | | ട്രാൻസ്ഫ്യൂഷന് മെഡിസിൻ | 1 | 0 |
| 2 | സർക്കാര് മെഡിക്കല് കോളേജ്, കോട്ടയം | ഫോറൻസിക് മെഡിസിൻ | 1 | 0 |
| 3 | സർക്കാര് മെഡിക്കല് കോളേജ്, തൃശ്ശൂർ | അനാട്ടമി | 1 | 0 |
| | | ജനറൽ സർജറി | 1 | 0 |
| | | മൈക്രോബയോളജി | 0 | 1 |
| | | ഫാർമക്കോളജി | 1 | 0 |
| 4 | സർക്കാര് മെഡിക്കല് കോളേജ്, കോഴിക്കോട് | അനാട്ടമി | 2 | 0 |
| | | സൈക്യാട്രി | 1 | 0 |
| | | പത്തോളജി | 1 | 0 |
| | | ഫിസിയോളജി | 0 | 1 |
| 5 | ആർ.സി.സി.,തിരുവനന്തപുരം | അനസ്തേഷ്യ | 2 | 0 |
| | ആകെ | | 12 | 3 |

ഡയറക്ടർ

29.07.2022